©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2015 മേയ് 5<br>5th May 2015<br>1190 മേടം 21<br>21st Medam 1190<br>1937 വൈശാഖം 15<br>15th Vaisakha 1937 | നമ്പർ<br>No. 1095 |

## കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്

### വിജ്ഞാപനം

നമ്പർ ഇ.എം. 3/13(11)/2014/തസ്വഭവ. *തിരുവനന്തപുരം, 2015 മേയ് 2. 1190 മേടം 18.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (എഫ്) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 1994 ഏപ്രിൽ 22-ാം തീയതിയിലെ സ.ഉ. (എംഎസ്.) 91/94/എൽ.എ.ഡി. നമ്പരായി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 478/94 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം V ഭാഗികമായി ഭേദഗതി ചെയ്തും താഴെ പട്ടികയിലെ (2)-ാം കോളത്തിൽ പറയുന്ന ജില്ലകളിലെ (3)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്തുകളെ (4)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കൗൺസിലുകളാക്കി 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം രൂപീകരിക്കുവാനും അവയ്ക്ക് യഥാക്രമം (5)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനം നിശ്ചയിക്കുവാനും (6)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന അതിർത്തികൾ നിർണ്ണയിക്കുവാനും കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.
33/1816/2015/S-16.

പ്രസ്തുത നിർദ്ദേശങ്ങൾ ഈ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പതിനഞ്ച് ദിവസം തികയുന്ന തീയതിക്കോ അതിനുശേഷമോ പരിഗണനയ്ക്കെടുക്കുന്നതാണെന്നും, പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനു മുമ്പോ ഏതെങ്കിലും വ്യക്തികളിൽനിന്നോ, ഗ്രാമപഞ്ചായത്തുകളിൽനിന്നോ, ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും, ഏതെങ്കിലും ഉണ്ടെങ്കിൽ അവ സർക്കാർ പരിഗണനയ്ക്കായി എടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അത്തരം ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് (അനക്സ്), തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ മേൽപ്പറഞ്ഞ തീയതിയ്ക്കകം അയച്ചുതരേണ്ടതാണ്.

പട്ടിക

| *ക്രമ നമ്പർ* | *ജില്ല* | *പരിവർത്തനപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഗ്രാമ പഞ്ചായത്ത്* | *പുതുതായി രൂപീകരിക്കുന്ന മുനിസിപ്പൽ കൗൺസിൽ* | *പുതുതായി രൂപീകരിക്കുന്ന മുനിസിപ്പൽ കൗൺസിലിന്റെ ആസ്ഥാനം* | *അതിർത്തികൾ* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | മലപ്പുറം | കൊണ്ടോട്ടി, നെടിയിരുപ്പ് | കൊണ്ടോട്ടി, | കൊണ്ടോട്ടി | **വടക്ക്**—മുതുവല്ലൂർ ഗ്രാമ പഞ്ചായത്ത് **കിഴക്ക്**— മൊറയൂർ ഗ്രാമ പഞ്ചായത്ത് **തെക്ക്**— പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് **പടിഞ്ഞാറ്**— പുളിക്കൽ ഗ്രാമ പഞ്ചായത്ത് |
| 2 | കോഴിക്കോട് | ഫറോക്ക് | ഫറോക്ക് | ഫറോക്ക് | **വടക്ക്**—കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ, രാമനാട്ടുകര ഗ്രാമ പഞ്ചായത്ത് **കിഴക്ക്**— ചേലമ്പ്ര ഗ്രാമ പഞ്ചായത്ത് **തെക്ക്**—കടലുണ്ടിപുഴ **പടിഞ്ഞാറ്**— കടലുണ്ടി ഗ്രാമ പഞ്ചായത്ത് , കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*